## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4767 22.03.2018-ലെ മറുപടിയ്ക്ക്

## കബഡി അസോസിയേഷനിൽ നടന്ന അഴിമതികളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഇ.പി.ജയരാജൻ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കേരള സംസ്ഥാന കബഡി അസോസിയേഷനിൽ നടന്ന അഴിമതികളെ സംബന്ധിച്ച് നടത്തിയ അന്വേഷണത്തിലെ കണ്ടെത്തലുകളെന്താണെന്നും സ്വീകരിച്ച തുടർ നടപടികളെന്താണെന്നും വ്യക്തമാക്കുമോ; | (എ) | 2017 ഫെബ്രുവരിയിൽ തമിഴ് നാട്ടിൽ വച്ച് നടന്ന സൗത്ത് സോൺ കബഡി ചാമ്പ്യൻഷിപ്പിന് മുന്നോടിയായി കൊല്ലം പാരിപ്പള്ളിയിൽ വെച്ച് നടന്ന സംസ്ഥാന കോച്ചിംഗ് ക്യാമ്പിൽ യോഗ്യരായ കായികതാരങ്ങളെ ഒഴിവാക്കി മുഖ്യ പരിശീലകൻ പരിചയത്തിന്റെ പേരിൽ കായിക താരങ്ങളെ കോച്ചിംഗ് ക്യാമ്പിൽ ഉൾപ്പെടുത്തിയതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അന്വേഷണത്തിൽ യോഗ്യരായ കായിക താരങ്ങൾ ഉണ്ടായിട്ടും സെലക്ഷൻ ലിസ്റ്റിൽ ഉൾപ്പെടാത്ത 4 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തതായി കണ്ടെത്തി. ഇതുമായി ബന്ധപ്പെട്ട് കേരള കബഡി അസോസിയേഷൻ സെക്രട്ടറി നൽകിയ വിശദീകരണത്തിലും, ഇക്കാര്യം സമ്മതിച്ചിട്ടുള്ളതും, ടി നടപടി അസോസിയേഷന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണെന്ന് സമ്മതിച്ചിട്ടുള്ളതുമാണ്. 2000-ലെ കേരള സ്പോർട്സ് ആക്ടിലേയും 2008-ലെ സ്പോർട്സ് റൂൾസിലെയും വ്യവസ്ഥകൾ പാലിച്ചല്ല കേരള കബഡി അസോസിയേഷൻ |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്നതെന്ന് സംസ്ഥാന സ്പോർട്സ് കൗൺസിൽ നടത്തിയ അന്വേഷണത്തിൽ നിന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് യോഗം കേരള കബഡി അസോസിയേഷനെ സസ്പെന്റ് ചെയ്യുകയും കളിക്കാരുടെ അവസരങ്ങൾ നഷ്ടപ്പെടാതിരിക്കാൻ ചാമ്പ്യൻഷിപ്പുകൾ നടത്താൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സെലക്ഷൻ സുതാര്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സ്പോർട്സ് കൗൺസിൽ തീരുമാനിക്കുന്ന പരിശീലകനെ ചുമതലപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ചുള്ള സ്പോർട്സ് കൗൺസിലിന്റെ അന്വേഷണം പുരോഗമിക്കുന്നു. |
| (ബി) | ആരോപണ വിധേയരായ മുൻ സെക്രട്ടറി, കോച്ച് എന്നിവർക്കെതിരെയുള്ള പരാതികൾ വിജിലൻസ് ഡിപ്പാർട്ട്മെന്റിന് കൈമാറിയിട്ടുണ്ടോ; | (ബി) & (സി) | സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അന്വേഷണം പൂർത്തിയാക്കി കേരള സ്പോർട്സ് ആക്ടും, റൂൾസും അനുശാസിക്കുന്ന രീതിയിലുള്ള നടപടി ക്രമങ്ങൾ പൂർത്തിയായതിനുശേഷം ഈ വിഷയത്തിൽ ആവശ്യമായ തുടർ അന്വേഷണ നടപടികൾ സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്. |
| (സി) | ഇല്ലെങ്കിൽ ഇത്തരം ഗുരുതരമായ ക്രമക്കേടുകളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**